പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 200 — 06.01.2014 ൽ മറുപടിക്ക്

## ജനങ്ങളുടെ ജീവനും സ്വത്തിനും പോലീസ് സംരക്ഷണം

**ചോദ്യം**

ശ്രീ. ബാബു എം. പാലിശ്ശേരി

**മറുപടി**

ശ്രീ. രമേശ് ചെന്നിത്തല
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് എത്ര പേരുടെ ജീവനും സ്വത്തിനും പോലീസ് സംരക്ഷണം നൽകുന്നുണ്ട് ; | (എ) | 27 വ്യക്തികൾക്കും 5 സ്ഥാപനങ്ങൾക്കും പോലീസ് സംരക്ഷണം നൽകുന്നുണ്ട്. |
| (ബി) | ജീവനും സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകളിൽ യഥാസമയം പോലീസ് നടപടികൾ സ്വീകരിക്കാത്തതുകൊണ്ട് , പോലീസ് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജികൾ കേരള ഹൈക്കോടതിയിൽ വർദ്ധിച്ചു വരുന്നു എന്നുള്ള കേരള ഹൈക്കോടതിയുടെ നിരീക്ഷണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഹൈക്കോടതി വാക്കാൽ പരാമർശിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിൽ പോലീസിനുണ്ടായിട്ടുള്ള വീഴ്ചകൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ ? | (സി) | ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിൽ പോലീസിന് വീഴ്ച സംഭവിച്ചിട്ടില്ല. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള പരാതികളിന്മേൽ പോലീസ് സത്വര നടപടികൾ സ്വീകരിക്കുകയും സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ